12716

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് പ്രോജക്ട്, സുൽത്താൻബത്തേരി - അംഗൻവാടി ഹെൽപ്പറായിരിക്കെ മരണമടഞ്ഞ ശ്രീമതി.അമ്മിണി-യുടെ മകൾ ശ്രീമതി.സുജാത.പി-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അംഗൻവാടി വർക്കറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി(ബി) വകുപ്പ്

സ.ഉ(സാധാ) നം . 685/2014/സാനീവ — തീയതി, തിരുവനന്തപുരം, 19/11/2014

---

പരാമർശം : 1) 19.06.1996-ലെ സ.ഉ (സാധാ) നം. 119/1996/സാക്ഷേവ.

2) 24/10/2005-ലെ സ.ഉ (സാധാ) നം. 546/2005/സാക്ഷേവ.

3) സാമൂഹ്യനീതി ഡയറക്ടറുടെ 09/10/2014ലെ ഐ.സി.ഡി.എസ്/ബി6-18539/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന സംയോജിത ശിശുവികസന സേവന പദ്ധതിയിൻ കീഴിലെ അംഗൻവാടികളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ആശ്രിതനിയമനം ലഭിക്കുന്നതിനായി ജീവനക്കാരി മരണമടഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ച് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സുൽത്താൻബത്തേരി ഐ.സി.ഡി.എസ് പ്രൊജക്ടിൻ കീഴിലുള്ള അംഗൻവാടി ഹെൽപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ശ്രീമതി.അമ്മിണി-യുടെ മകൾ ശ്രീമതി. സുജാത.പി-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായെന്നും, അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വൈകിയതുകൊണ്ടുണ്ടായ പ്രസ്തുത കാലതാമസം മാപ്പാക്കി എസ്.എസ്.എൽ.സി പാസ്സായ ടിയാൾക്ക് അംഗൻവാടി വർക്കറായി ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ശുപാർശയോടെ സാമൂഹ്യനീതി ഡയറക്ടർ പരാമർശം (3) പ്രകാരം ശ്രീമതി. സുജാതയുടെ അപേക്ഷയും, അനുബന്ധ രേഖകളും ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സുൽത്താൻബത്തേരി ഐ.സി.ഡി.എസ് പ്രൊജക്ടിൻ കീഴിൽ അംഗൻവാടി ഹെൽപ്പറായിരിക്കെ മരണമടഞ്ഞ ശ്രീമതി.അമ്മിണി-യുടെ മകൾ ശ്രീമതി.സുജാത.പി-ക്ക് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കിയും പരാമർശം (2)-ലെ സർക്കാർ ഉത്തരവിലെ

വ്യവസ്ഥ ഇളവ് ചെയ്തും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അംഗൻവാടി വർക്കറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എൻ.ബി.കോമളവല്ലി അമ്മ**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.സുജാത.പി, പുല്ലൻകോട് ഹൗസ്, മാനിക്കുനി കോളനി, സുൽത്താൻബത്തേരി, വയനാട് 673592. (രജിസ്റ്റേർഡ് തപാലിൽ)
ജില്ലാ സാമൂഹ്യനീതി ഓഫീസർ, വയനാട്.
ശിശുവികസന പദ്ധതി ഓഫീസർ, സുൽത്താൻ ബത്തേരി ഐസിഡിഎസ് പ്രോജക്ട്, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**